18-02-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–18/02/2023.

1. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 25 മുതൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിക്കുന്ന വൈഗ 2023ൽ കാർഷിക പ്രാധാന്യമുള്ള 18 വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുമെന്ന് കൃഷിമന്ത്രി പി. പ്രസാദ്. ദേശീയ - അന്തർദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ കാർഷിക മേഖലയിലെ പുതിയ ട്രെന്റുകൾ, വ്യത്യസ്ത ആശയങ്ങൾ, കൃഷിരീതികൾ എന്നിവ കർഷകർക്കും സംരംഭകർക്കും പകർന്നുനൽകുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ഡിപി ആർ ക്ലിനിക്കിന്റെ രണ്ടാം ദിവസത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക മൂല്യവർദ്ധന ശൃംഖലയുടെ വികസനം എന്ന ആശയത്തിൽ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ആറാമത് വൈഗയുടെ ഭാഗമായി, കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുവാനും മൂല്യവർദ്ധനവ് നടത്തുവാനും ഉദ്ദേശിക്കുന്ന സംരംഭകരെ കർഷകരുമായി ബന്ധിപ്പിക്കുവാൻ ബിസിനസ്സ് 2 ബിസിനസ്സ് (ബി2ബി) മീറ്റ് സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു. കാർഷിക സംരംഭകരെ സഹായിക്കുവാനും വഴികാട്ടിയാകുവാനും ഡി.പി.ആർ ക്ലിനിക്കുകൾ സംഘടിപ്പിക്കും. കാർഷികമേഖലയിലെ സംരംഭകത്വവികസനത്തിനു മുതൽക്കൂട്ടാകുകയാണ് വൈഗ 2023 ഡിപി ആർ ക്ലിനിക്ക് വഴി ലക്ഷ്യമിടുന്നതെന്നും, തുടർന്നും രണ്ട് മാസ ഇടവേളകളിൽ ക്ലിനിക്ക് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഉടൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ "കേരൾ ആഗ്രോ" ബ്രാൻഡിൽ എത്തിക്കുമെന്നും കാർഷികമേഖലയിലെ പ്രധാനപ്രശ്നനങ്ങൾക്ക് സാങ്കേതികമായ പരിഹാരം കാണുന്നതിന് അഗ്രി-ഹാക്കത്തോണും വൈഗയോടനുബന്ധിച്ച് നടത്തുന്നുണ്ടെന്നും മന്ത്രിഅറിയിച്ചു. വ്യത്യസ്ത പ്രശ്നങ്ങൾക്ക് 36 മണിക്കൂർ നീണ്ടുനിൽക്കുന്ന ഹാക്കത്തോൺ വേദിയിൽ വച്ച് പരിഹാരമാർഗ്ഗങ്ങൾ വികസിപ്പിക്കും. നിലവിൽ ലഭിച്ച അപേക്ഷകളുടെയും പരിഹാരമാർഗ്ഗങ്ങളുടെയും പ്രാഥമിക പരിശോധന വിദഗ്ധരുടെ നേതൃത്വത്തിൽ പൂർത്തിയാക്കി.

2. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസ് എന്നീ ദ്വി വത്സര ഡിപ്ലോമ കോഴ്സുകളുടെ 2022- 23 അധ്യയന വർഷത്തെ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 25.02.2023 തീയതിയിൽ രാവിലെ 10.15 ന് സർവകലാശാലയുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പഴയ ആസ്ഥാന മന്ദിരത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. 2022- 23 ഡിപ്ലോമ പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിനും വിശദവിവരങ്ങൾക്കും www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. എല്ലാ തദ്ദേശ സ്ഥാപന പരിധിയിലും ജല ബജറ്റ് തയ്യാറാക്കാനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കമിടുന്നു. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രവുമായി ചേർന്ന് ജലബജറ്റ് തയ്യാറാക്കുന്നതിൽ ശിൽപശാല സംഘടിപ്പിച്ചു. ഒരു പ്രദേശത്തിന്റെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജലബജറ്റ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെയും അടിസ്ഥാനമാക്കി ജലബജറ്റ് തയ്യാറാക്കാനുള്ള സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായാണ് ശിൽപശാല സംഘടിപ്പിച്ചത്. ഇന്ത്യയിൽ ഇതാദ്യമായാണ് ഒരു സംസ്ഥാനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുന്നത്. ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 87 പഞ്ചായത്തുകളിലാണ് ജലബജറ്റ് തയ്യാറാക്കുന്നത്.

## പരിശീലന പരിപാടി

4. വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെറ്ററിനറി നഴ്സിംഗ്, ഫാർമസി, ലബോറട്ടറി സാങ്കേതിക വിദ്യയിൽ 6 മാസത്തെ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. മൃഗസംരക്ഷണം/ ക്ഷീരവികസനം/ പൗൾട്രി സയൻസസ് എന്നിവയിൽ ഏതിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് പാസായവർക്ക് മാത്രം അപേക്ഷിക്കാം. വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ ഡിപ്ലോമ കോഴ്സുകൾ പാസ്സായവർക്ക് മുൻഗണന. പ്രായപരിധി 25വയസ്സ്. പ്രതിമാസ സ്റ്റൈപ്പന്റ് 6000 രൂപ. താല്പര്യമുള്ളവർ യോഗ്യത, പ്രായം, ജാതി, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, ബയോഡാറ്റ സഹിതം 24-02-2023 തീയതി രാവിലെ 9.30 ന് പൂക്കോട് (വയനാട്) മൃഗചികിത്സാപഠന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന എഴുത്ത്പരീക്ഷക്കും, വക്ക് ഇൻ ഇന്റർവ്യൂവിനും

നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് 8547144462, 9387387023, 9447153448 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് അരുമമൃഗങ്ങളുടെയും പക്ഷികളുടെയും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി സൗജന്യ പരിശീലനം ഈ മാസം 21 ന് (21.02.2023) നടക്കുന്നു. താൽപര്യമുള്ളവർക്ക് 8113 964 940 എന്ന ഫോൺ നമ്പരിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റെർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശു പരിപാലനം എന്ന വിഷയത്തെ ആസ്പദമാക്കി 20/02/2023 മുതൽ 25/02/2023 വരെ 6 ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർക്ക് 04734299869, 9495390436, 9446453247 എന്നീ നമ്പറുകളിൽ വിളിച്ചോ വാട്ട്സ്അപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനാർത്ഥികൾക്ക് ടി.എ, ഡി.എ എന്നിവ നൽകുന്നതായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. പൂന്തോട്ട സംരക്ഷകൻ (ഗാർഡൻ കീപ്പർ) എന്ന കൃഷിപാടവത്തിൽ സജ്ജരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം പട്ടാമ്പിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉടൻ ആരംഭിക്കുന്നു. ഭാരത സർക്കാറിന്റെ നൈപുണ്യ വികസന പദ്ധതിയുടെ കീഴിൽ സംഘടിപ്പിക്കുന്ന 26 ദിവസം ദൈർഘ്യമുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഏജൻസി അംഗീകൃത സർട്ടിഫിക്കറ്റും പരിശീലനത്തിനുള്ള അനുബന്ധ സഹായങ്ങളും നൽകുന്നതായിരിക്കും. നഴ്സറി മാനേജ്മെന്റും ഗാർഡനിങ്ങ് ഘടകങ്ങളും, വിവിധതരം ബഡ്ഡിങ്ങ് ഗ്രാഫ്റ്റിങ്ങ് പ്രവർധന മാർഗ്ഗങ്ങൾ, മാതൃവൃക്ഷ സംരക്ഷണവും പരിപാലനവും, വിവിധതരം ലാന്റ് സ്കെയിപ്പിങ്ങ്, ലംബകൃഷി (വെർട്ടിക്കൽ ഗാർഡനിങ്ങ്), സൂക്ഷ്മ ജലസേചനം, ഹൈഡ്രോപോണിക്സ്. വളർത്തു മൃഗ സംരക്ഷണം, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങൾ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകി പ്രോഗ്രാമിൽ വിശദമായി പ്രതിപാതിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ താമസിക്കുന്ന താത്പര്യമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായമുള്ളവരും പത്താം ക്ലാസ് യോഗ്യതയുള്ളവരും ആയിരിക്കണം. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന്

പരിശീലനത്തിനുള്ള അഭിരുചിയും, കായികക്ഷമതയും ഇതിനായി നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെടുന്ന 25 പേർക്കാണ് പരിശീലനം നൽകുക. അപേക്ഷകൾ ഫെബ്രുവരി 25 നകം നേരിട്ടോ, തപാൽ മുഖേനയോ, kvkpalakkad@kau.in എന്ന ഈ മെയിൽ മുഖാന്തിരമോ, 6282937809 എന്ന വാട്സ്ആപ്പ് മുഖേനയോ പ്രോഗ്രാം കോർഡിനേറ്റർ കൃഷി വിജ്ഞാനകേന്ദ്രം പാലക്കാട് ,മേലെ പട്ടാമ്പി (പി), പാലക്കാട്, 79306 എന്ന വിലാസത്തിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷക്കാലം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് തുടങ്ങുന്നു. 2023 മാർച്ച് മാസത്തിൽ ആരംഭിക്കുന്ന കോഴ്സിൽ റബ്ബർതോട്ടമേഖലയിൽ തൊഴിലോ സംരംഭകത്വമോ ആഗ്രഹിക്കുന്ന സയൻസ് ബിരുദ/ബിരുദാനന്തരബിരുദധാരികൾക്ക് അപേക്ഷിക്കാം. കോഴ്സിന്റെ ആദ്യ സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കുന്നവരിൽ ബോട്ടണി, അഗ്രിക്കൾച്ചർ, ഹോർട്ടികൾച്ചർ, ഫോറസ്റ്ററി എന്നീ വിഷയങ്ങളിലെ ബി.എസ്.സി./ എംഎസ്.സി. ബിരുദധാരികൾക്ക് രണ്ടുവർഷം വരെ സ്റ്റൈപ്പന്റോടെ ഇന്റേൺഷിപ്പിനുള്ള സൗകര്യം ലഭിക്കും. എസ്.സി. /എസ്.ടി. വിഭാഗത്തിൽപെട്ടവർക്ക് കോഴ്സ് പൂർത്തിയാക്കുമ്പോൾ യാത്ര, ഭക്ഷണം, താമസം, കോഴ്സ് ഫീസ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും തിരികെ നൽകുന്നതാണ്. റബ്ബറുത്പാദനം, സംസ്കരണം, വിപണനം, തോട്ടംപരിപാലനത്തിന്റെ വിവിധ വശങ്ങൾ എന്നിവയിൽ വൈദഗ്ധ്യവും നൽകുന്നതിന് രണ്ട് സെമസ്റ്ററുകളായാണ് കോഴ്സ് രൂപകൽപന ചെയ്തിരിക്കുന്നത്. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർ 0481 2353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in